# കേരള സർക്കാർ
# ഇൻഫർമേഷൻ ആൻഡ് പബ്ലിക് റിലേഷൻസ് വകുപ്പ്
**ജില്ലാ ഇൻഫർമേഷൻ ഓഫീസ്, തൃശൂർ. തീയതി : 2019 ആഗസ്റ്റ് 02 വെള്ളി**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>

**Web: www.prd.kerala.gov.in.E-mail.diothrissur@gmail.com.**

<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<<>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>>


## അർഹതപ്പെട്ട എല്ലാവർക്കും വനഭൂമിപട്ടയം: ജില്ലാ കളക്ടർ

1977 ലെ നിയമമനുസരിച്ച് അർഹതപ്പെട്ട മുഴുവൻ ആളുകൾക്കും വനഭൂമി പട്ടയം നൽകുമെന്ന് ജില്ലാ കളക്ടർ എസ് ഷാനവാസ് അറിയിച്ചു. പട്ടയസമര സമിതി നേതാക്കളുമായി നടത്തിയ ചർച്ചയിലാണ് ജില്ലാ കളക്ടർ ഇക്കാര്യം പറഞ്ഞത്. മറ്റുള്ള പ്രശ്നങ്ങൾ സർക്കാറിന്റെ ശ്രദ്ധയിൽപെടുത്തുമെന്നും അദ്ദേഹം പറഞ്ഞു. വനഭൂമി പട്ടയം നൽകുന്നതുമായി ബന്ധപ്പെട്ട പ്രത്യേക മന്ത്രിതല ഉദ്യോഗസ്ഥ യോഗം ആഗസ്റ്റ് എട്ടിന് വിളിച്ചു ചേർത്തിട്ടുണ്ട്. ജില്ലയിൽ നിന്നുള്ള മന്ത്രിമാർ, ചീഫ് വിപ്പ്, എം.പിമാർ, എം.എൽ.എ മാർ , ജില്ലാ - ബ്ലോക്ക് - ഗ്രാമപഞ്ചായത്ത് പ്രസിഡന്റുമാർ, തദ്ദേശ സ്ഥാപന നേതാക്കൾ, മറ്റ് ജനപ്രതിനിധികൾ, ഉദ്യോഗസ്ഥർ എന്നിവർ പങ്കെടുക്കും.വനഭൂമി ലഭ്യമാക്കുന്നതിന് നേരിടുന്ന സാങ്കേതിക തടസങ്ങൾ പരിഹരിക്കുന്നതിന് വേണ്ടിയുള്ള തുടർ നടപടികൾക്കും യോഗം രൂപം നൽകും. സമര സമിതിക്കാർ ഉന്നയിച്ച വിഷങ്ങൾ കൂടി യോഗം പരിശോധിക്കും. പട്ടയവിതരണ മേള ഡിസംബറോടെ സംഘടിപ്പിക്കാനാവുമെന്നാണ് പ്രതീക്ഷയെന്നും ജില്ലാ കളക്ടർ എസ് ഷാനവാസ് പറഞ്ഞു.

## സ്പ്ലാഷ് പദ്ധതിയ്ക്ക് ജില്ലയിൽ തുടക്കം

സംസ്ഥാന സർക്കാരിന്റെ നീന്തൽ പരിശീലന പദ്ധതിയായ സ്പ്ലാഷിന്റെ ജില്ലാതല പരിപാടിയ്ക്ക് കരൂപ്പടന്ന ഗവ: ഹയർസെക്കൻഡറി സ്കൂളിൽ തുടക്കമിട്ടു. നീന്തൽപരിശീലനത്തിനായി സ്കൂളിലെ രണ്ട് വിദ്യാർത്ഥികളുടെ രജിസ്ട്രേഷൻ സ്വീകരിച്ചു കൊണ്ട് അഡ്വ. വി. ആർ സുനിൽകുമാർ എംഎൽഎ പദ്ധതിയുടെ ജില്ലാതല ഉദ്ഘാടനം നിർവ്വഹിച്ചു. സംസ്ഥാന സർക്കാർ യുവജന കാര്യാലയം വഴി തെരഞ്ഞെടുക്കപ്പെട്ട ഏജൻസികളിലൂടെ നടപ്പാക്കുന്ന നീന്തൽ പരിശീലനപദ്ധതിയാണ് സ്പ്ലാഷ്. അപ്രതീക്ഷിത ജല അപകടങ്ങൾ അതിജീവിക്കാൻ ആവശ്യമായ കഴിവുകൾ സ്കൂൾ കുട്ടികളിൽ വികസിപ്പിക്കുക എന്നതാണ് പദ്ധതിയുടെ ലക്ഷ്യം. ആദ്യഘട്ടത്തിൽ തൃശൂർ, ഇടുക്കി, പാലക്കാട്, വയനാട്, കാസർകോട് എന്നീ ജില്ലകളിലാണ് പദ്ധതി നടപ്പാക്കുന്നത്.

ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് മേരി തോമസ് അധ്യക്ഷത വഹിച്ചു. കായിക യുവജന കാര്യാലയം അഡീഷണൽ ഡയറക്ടർ ബി അജിത്കുമാർ പദ്ധതി വിശദീകരിച്ചു. വെള്ളാങ്ങല്ലൂർ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ.എസ്. രാധാകൃഷ്ണൻ, വെള്ളാങ്ങല്ലൂർ പഞ്ചായത്ത് പ്രസിഡന്റ് പ്രസന്ന അനിൽകുമാർ എന്നിവർ മുഖ്യാതിഥികളായി. ജില്ലാ പഞ്ചായത്ത് വൈസ് പ്രസിഡന്റ് എൻ.കെ. ഉദായപ്രകാശ് സ്വാഗതവും ചടങ്ങിൽ സ്കൂൾ പ്രിൻസിപ്പൽ ജയലക്ഷ്മി. എം നന്ദിയും പറഞ്ഞു. വെള്ളാങ്ങല്ലൂർ പഞ്ചായത്ത് വൈസ് പ്രസിഡന്റ്ഉണ്ണിക്കൃഷ്ണൻ കുറ്റിപ്പറമ്പിൽ, സ്റ്റാന്റിംഗ് കമ്മറ്റി ചെയർമാൻമാരായ എം.കെ. മോഹനൻ, നിഷ ഷാജി, സീമന്തിനി സുന്ദരൻ, പഞ്ചായത്ത്-ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ എന്നിവർ പങ്കെടുത്തു.

## വനിത പോലീസിന്റെ പാസ്സിങ് ഔട്ട് പരേഡ് ആഗസ്റ്റ് നാലിന്

രാമവർമ്മപുരം കേരള പോലീസ് അക്കാദമി ഗ്രൗണ്ടിൽ വനിതാ പോലീസ് ബറ്റാലിയൻ രണ്ടാമത്തെ ബാച്ചിന്റെ പാസ്സിങ് ഔട്ട് പരേഡ് ആഗസ്റ്റ് നാലിന് രാവിലെ എഴിന് നടക്കും. മുഖ്യ

മന്ത്രി പിണറായി വിജയൻ സല്യൂട്ട് സ്വീകരിക്കും. സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹറ, അക്കാദമി ഡയറക്ടർ ഡോ. ബി സന്ധ്യ, എഡിജിപി ടോമിൻ ജെ തച്ചങ്കരി തുടങ്ങിയവർ പങ്കെടുക്കും.

# ബ്ലൂ ആർമി
# ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് ആറിന്

ജലരക്ഷ- ജീവരക്ഷ ബ്ലൂ ആർമി ജില്ലാതല ഉദ്ഘാടനം ആഗസ്റ്റ് ആറ് രാവിലെ 9 ന് കണ്ടശാംകടവ് ജോസഫ് മുണ്ടശേരി ഗവ. ഹയർ സെക്കൻഡറി സ്കൂളിൽ പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ്, കൃഷി വകുപ്പ് മന്ത്രി അഡ്വ. വി എസ് സുനിൽ കുമാർ എന്നിവർ ചേർന്ന് നിർവഹിക്കും. മുരളി പെരുനെല്ലി എം എൽ എ അധ്യക്ഷത വഹിക്കും. ടി എൻ പ്രതാപൻ എംപി ബ്ലൂ ആർമി കലണ്ടർ കൈമാറ്റം നടത്തും. മോണിറ്ററിങ് സമിതി രൂപീകരണ പ്രഖ്യാപനം ഗീതാ ഗോപി എംഎൽഎ നിർവഹിക്കും. ജില്ലാ കളക്ടർ എസ് ഷാനവാസ് പദ്ധതി വിശദീകരിക്കും. ജില്ലാ പഞ്ചായത്ത് പ്രസിഡൻറ് മേരി തോമസ്, വൈസ് പ്രസിഡൻറ് എൻ.കെ ഉദയപ്രകാശ്, അന്തിക്കാട് ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പി സി ശ്രീദേവി, ജല രക്ഷ-ജീവരക്ഷ നോഡൽ ഓഫീസർ പി ഡി സിന്ധു എന്നിവർ പങ്കെടുക്കും. ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ 'ഒരു മഴക്കുഴി- ഒരു വൃക്ഷം ഓരോ കുട്ടിയ്ക്കും ' എന്ന ഈ പദ്ധതിയിൽ ജില്ലയിലെ മുഴുവൻ വിദ്യാർത്ഥികളേയും പങ്കെടുപ്പിക്കും.

# ജില്ല ഇനി ഹരിതനിയമങ്ങൾ വിധേയം

മാലിന്യ സംസ്ക്കരണവുമായി ബന്ധപ്പെട്ട നിയമങ്ങളും ചട്ടങ്ങളും ജില്ലയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ജനപ്രതിനിധികൾക്കും ഉദ്യോഗസ്ഥർക്കുള്ള പരിശീലനം ജില്ലാ കളക്ടർ എസ് ഷാനവാസ് ഉദ്ഘാടനം ചെയ്തു. ഹരിതകേരളം മിഷന്റെയും കിലയുടെയും സംയുക്താഭിമുഖ്യത്തിൽ തൃശൂർ കോസ്റ്റ്ഫോർഡിലായിരുന്നു പരിശീലനം. പോലീസ്, പഞ്ചായത്ത്, നഗരസഭ, ആരോഗ്യം, ഭക്ഷ്യസുരക്ഷ, മലിനീകരണ നിയന്ത്രണം ബോർഡ് തുടങ്ങി വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരാണ് പരിശീലനത്തിന് നേതൃത്വം നൽകി. ജില്ലാ, ബ്ലോക്ക്, വാർഡ് തല പരിശീലന പരിപാടികൾക്കാണ് ഹരിതകേരളം മിഷനും കിലയും ചേർന്ന് ആസൂത്രണം ചെയ്തിട്ടുള്ളത്. ഒരു വാർഡിൽ 50 പേർ എന്ന രീതിയിൽ ജില്ലയിൽ 73250 കുടുംബങ്ങളിലേക്ക് ഹരിതനിയമാവലിയുടെ സന്ദേശം ഈ പരിശീലന ക്ലാസ്സിലൂടെ എത്തിക്കും. ഹരിതകേരളം മിഷൻ കോർഡിനേറ്റർ പി എസ് ജയകുമാർ, ജനകീയാസൂത്രണ ഫെസിലിറ്റേറ്റർ വി വി സുധാകരൻ എന്നിവർ സംസാരിച്ചു.

# മിനിമവേതനം തെളിവെടുപ്പ്
# യോഗം ആഗസ്റ്റ് 5 ന്

സ്വകാര്യ ക്ഷേത്രജീവനം മേഖലയിലെ തൊഴിലാളികളുടെ മിനിമം വേതനം പുതുക്കുന്നതിനുള്ള തെളിവെടുപ്പ് യോഗം ആഗസ്റ്റ് അഞ്ച് രാവിലെ 11 ന് ഒറ്റപ്പാലം പിഡബ്ല്യൂഡി റസ്റ്റ് ഹൗസ് കോൺഫറൻസ് ഹാളിൽ നടക്കും. യോഗത്തിൽ ബന്ധപ്പെട്ട തൊഴിലാളി-തൊഴിലുടമ പ്രതിനിധികളും പങ്കെടുക്കണമെന്ന് ജില്ലാ ലേബർ ഓഫീസർ (ഇ) അറിയിച്ചു.

# അംശാദായ സിറ്റിങ്

കർഷക തൊഴിലാളി ക്ഷേമനിധിയിൽ അംശാദായം സ്വീകരിക്കുന്നതിന് സിറ്റിങ് നടത്തുന്നു. 24 മാസം വരെയുള്ള അംശദായം സിറ്റിങ്ങിൽ സ്വീകരിക്കും. തീയതി, പഞ്ചായത്ത്/മുനിസിപ്പാലിറ്റി യഥാക്രമം. ആഗസ്റ്റ് 13-കാടുകുറ്റി, 17-പറപ്പൂക്കര, 20-അതിരപ്പിള്ളി, 22-മുള്ളൂർക്കര, 24-വലപ്പാട്, 27-പൂക്കോടും തൈക്കാടും, 29-അരിമ്പൂർ. മുൻകൂട്ടി ക്ഷേമനിധി ഓഫീസിൽ അപേക്ഷ നൽകിയവരെ മാത്രമേ സിറ്റിങ്ങിൽ അംഗങ്ങളായി ചേർക്കുക. പുതുതായി ചേരുവാൻ വരുന്നവർ സ്കൂൾ സർട്ടിഫിക്കറ്റ്, ആധാർ കാർഡ്, തിരിച്ചറിയൽ കാർഡ് എന്നിവയുടെ സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും ബാങ്ക് പാസ്ബുക്കിന്റെ ആദ്യത്തെ പേജ് സ്വയം സാക്ഷ്യപ്പെടുത്തിയ പകർപ്പും അപേക്ഷയോടൊപ്പം നൽകണം. സിറ്റിങ്ങിന് വരുമ്പോൾ മേൽപറഞ്ഞവയുടെ ഒറിജിനലുകൾ പരിശോധനയ്ക്ക് വിധേയമാക്കണം.

## റീടെണ്ടർ

വനിതാ ശിശുവികസന വകുപ്പ് കീഴിലുള്ള ഐസിഡിഎസ് ചേർപ്പ് കാര്യാലയത്തിന്റെ ഔദ്യോഗികാവശ്യത്തിനായി 2019-20 സാമ്പത്തിക വർഷത്തിൽ വാഹനം വാടകയ്ക്ക് ലഭ്യമാക്കുവാൻ ടെണ്ടർ ക്ഷണിച്ചു. ടെണ്ടർ സ്വീകരിക്കുന്ന അവസാന തീയതി ആഗസ്റ്റ് 12 വൈകീട്ട് മൂന്ന് മണി. ഫോൺ: 0487-2348388, 8281999212.

## ആയുർവേദ തെറാപ്പിസ്റ്റ് ഒഴിവ്

തൃശൂർ ജില്ലയിലെ സർക്കാർ സ്ഥാപനത്തിൽ ആയുർവേദ തെറാപ്പിസ്റ്റ് ഗ്രേഡ് രണ്ട് തസ്തികയിൽ കാഴ്ച വൈകല്യമുള്ളവർക്ക് സംവരണം ചെയ്തിട്ടുള്ള ഒരു താൽക്കാലിക ഒഴിവുണ്ട്. എസ്എസ്എൽസിയും ആയുർവേദ തെറാപ്പിസ്റ്റ് പരിശീലനവുമാണ് യോഗ്യത. താൽപര്യമുള്ളവർ ആഗസ്റ്റ് 20 നകം അടുത്തുള്ള എംപ്ലോയ്മെന്റ് എക്സ്ചേഞ്ചുകളിൽ പേര് രജിസ്റ്റർ ചെയ്യണം.

## താൽക്കാലിക നിയമനം

ഭൂവിനിയോഗ ബോർഡ് തൃശൂർ മേഖലാ കാര്യാലയത്തിൽ വിവിധ തസ്തികളിൽ കരാർ നിയമനം നടത്തുന്നു. തസ്തിക, യോഗ്യത യഥാക്രമത്തിൽ. ടെക്നിക്കൽ അസിസ്റ്റന്റ്-എംഎസ്സി ജിയോളജി, പ്രോജക്ട് സയന്റിസ്റ്റ്-എംഎസ്സി എൻവയോൺമെന്റൽ സയൻസ്, ജിഐഎസ് ടെക്നീഷ്യൻ-ജിയോ ഗ്രാഫിക് ഇൻഫർമേഷൻ സിസ്റ്റം സർട്ടിഫിക്കറ്റ് അല്ലെങ്കിൽ കമ്പ്യൂട്ടർ ഹാർഡ്വെയർ നെറ്റ്വർക്കിങ് സർട്ടിഫിക്കറ്റ്. താൽപര്യമുള്ളവർ ബയോഡാറ്റയും സർട്ടിഫിക്കറ്റുകളുടെ അസ്സലും പകർപ്പും സഹിതം ആഗസ്റ്റ് എട്ട് രാവിലെ 9.30 ന് പാട്ടുരായ്ക്കലിലുള്ള മേഖലാ ഭൂവിനിയോഗ ബോർഡ് കാര്യാലയത്തിൽ അഭിമുഖത്തിന് എത്തണം. ഫോൺ: 0487-2321868.

## കർഷകർക്ക് അപേക്ഷിക്കാം

ചിങ്ങം ഒന്ന് കർഷകദിനവുമായി ബന്ധപ്പെട്ട് അരിമ്പൂർ ഗ്രാമപഞ്ചായത്ത് മികച്ച കർഷകരെ ആദരിക്കുന്നു. നെല്ല്, തെങ്ങ്, വാഴ, പച്ചക്കറി, ക്ഷീരം, സമ്മിശ്രം, വനിത, പട്ടികവിഭാഗം എന്നീ ഇനങ്ങളിൽ നിന്നാണ് അപേക്ഷ ക്ഷണിച്ചത്. മികച്ച കർഷകരാകാൻ ആഗ്രഹിക്കുന്നവർ അരിമ്പൂർ കൃഷി ഭവനിൽ ആഗസ്റ്റ് അഞ്ചിനകം അപേക്ഷ നൽകണം. ഫോൺ: 0487-2314157, 9400014182.

## സ്വച്ഛതാ പക്ഷാചാരണത്തിന് തുടക്കം

യുവാക്കൾ ശുചിത്വത്തിന്റെ കാവൽഭടന്മാർ ആകണമെന്ന് ജില്ലാ മെഡിക്കൽ ഓഫീസർ ഡോ കെ.ജെ. റീന പറഞ്ഞു. കേന്ദ്ര സർക്കാർ യുവജനകാര്യ മന്ത്രാലയത്തിന്റെ നേതൃത്വത്തിൽ രാജ്യവ്യാപകമായി നടപ്പിലാക്കുന്ന സ്വച്ഛതാ പക്ഷാചാരണത്തിന്റെ ജില്ലാതല ഉദ്ഘാടനം തൃശൂർ പടിഞ്ഞാറേകോട്ട മാനസികാരോഗ്യകേന്ദ്രത്തിൽ ശുചീകരണ പ്രവർത്തനങ്ങൾ നടത്തി സംസാരിക്കുകയായിരുന്നു അവർ. നെഹ്റു യുവ കേന്ദ്ര ഡെപ്യൂട്ടി ഡയറക്ടർ ജെയിൻ ജോർജ് അധ്യക്ഷത വഹിച്ചു. ഡോ ടി.ആർ രേഖ, ഡോ അജീഷ് രാമചന്ദ്രൻ , ഡോ സ്നേഹജ കെ, എം.എസ് ശിവ, റിബ പട്ടാളി തുടങ്ങിയവർ ആശംസ നേർന്നു. ശുചിത്വ പക്ഷാചരണത്തിന്റെ ഭാഗമായി നെഹ്റുയുവ കേന്ദ്രത്തിന്റെ നേതൃത്വത്തിൽ ജില്ലയിലുടനീളം ശുചീകരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കും.